**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2449** **30-09-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം നടപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തെ നന്തൻകോട് സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പേപ്പർ വേസ്റ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് മുതലായ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് സെക്ഷനുകളിൽ വെവ്വേറെ ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി അജൈവ മാലിന്യങ്ങൾ, ഇ-മാലിന്യം, പേപ്പർവേസ്റ്റുകൾ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. ടോയ്‌ലെറ്റുകളിൽ നിന്നുള്ള ദ്രവ മാലിന്യം സംസ്കരണത്തിനായി സീവർ ലൈൻ മുഖേന മുട്ടത്തറ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്ക് എത്തിക്കുന്നു. സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിന് ടോയ്‌ലെറ്റുകളിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓഫീസ്നവീകരണത്തിന്റെ ഭാഗമായി ജൈവ മാലിന്യ സംസ്ക്കരണത്തിനായുള്ള തുമ്പൂർമുഴി പ്ലാന്റും പ്രവർത്തനക്ഷമമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത കാര്യാലത്തിൽ വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം ഇല്ലാത്തതിനാൽ ജീവനക്കാർ ഉച്ചയൂണിന് ശേഷം ആഹാര അവശിഷ്ടങ്ങൾ തിരിച്ച് വീട്ടിലേക്ക് കൊണ്ടുപോകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച് സർക്കാരിന്റെ മുന്നിൽ പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ഓഫീസ് നവീകരണത്തിന്റെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾ നടന്ന് വരുന്നുണ്ട്. അതിന്റെ ഭാഗമായി ജൈവ മാലിന്യ സംസ്ക്കരണത്തിനായുള്ള തുമ്പൂർമുഴി പ്ലാന്റും മാറ്റി സ്ഥാപിക്കേണ്ടി വരികയും നവീകരണ പ്രവർത്തനങ്ങൾക്ക് ശേഷം പ്രവർത്തനക്ഷമമാക്കുന്നതുമാണ്. ആയത് പൂർത്തിയാകുന്നതുവരെ ജൈവ മാലിന്യം അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു |
| (സി) | സിസ്റ്റമാറ്റിക് ആയിട്ടുള്ള വേസ്റ്റ് മാനേജ്മെൻറ് ഇല്ലാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ തെരുവ് നായകളുടെ ശല്യം അമിതമായി വർദ്ധിച്ചുവരുന്നു എന്നുള്ള കാര്യം | (സി) | തെരുവ് നായയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തിരുവനന്തപുരം കോർപ്പറേഷനിൽ അറിയിക്കുകയും നഗരസഭ ആധികൃതർ തെരുവ് നായ്ക്കളെ എ ബി സി |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നായ ശല്യം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | | സെന്ററുകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. നിലവിൽ തെരുവ് നായകളുടെ സാന്നിധ്യംആഫീസ് കോമ്പൗണ്ടിൽ ഇല്ലാത്തതാണ്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ സ്ഥലപരിമിതി മൂലം വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം സമഗ്രമായി നടപ്പിലാക്കുന്നതിനോ മറ്റു വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനോ നിർവാഹമില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്.<br><br>തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ 15 വർഷം പൂർത്തിയായ വാഹനങ്ങൾ സ്ക്രാപ് ആയി ലേലം ചെയ്യുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്യൂവേഷൻ രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ടി വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഇ) | സംസ്ഥാനത്തെ മുഴുവൻ സർക്കാർ ഓഫീസുകളിലും വേസ്റ്റ് മാനേജ്മെൻറ് സിസ്റ്റം സമഗ്രമായി നടപ്പിലാക്കാനുള്ള നയം ആവിഷ്കരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ; | (ഇ) | • മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനായി 04.05.2018-ലെ 176/ഡി.സി1/18/തസ്വഭവ നം സർക്കുലർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br>• കൂടാതെ സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രീൻ ഓഫീസ് സർട്ടിഫിക്കേഷനും ഗ്രേഡും നൽകുന്നതിന്റെ ഭാഗമായി ഹരിത ഓഡിറ്റ് നടത്തുന്നതിനുള്ള മാർഗ്ഗരേഖ 18/12/2020 ലെ GO(Rt)No.2343/2020/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br>• മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനായി 03.05.2023-ലെ സ.ഉ(സാധാ) നം 966/2023/LSGD പ്രകാരം വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (എഫ്) | സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ ശാസ്ത്രീയമായ രീതിയിൽ കൃത്യമായി നിർമാർജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ കൃത്യമായ പരിശോധനകൾ നടത്തി വൃത്തിയുള്ള | (എഫ്) | മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ ഓഫീസുകളിലെ വിവിധ തരത്തിലുള്ള വേസ്റ്റുകൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജനം ചെയ്യുന്നതിനായി 03.05.2023-ലെ സ.ഉ(സാധാ) നം 966/2023/LSGD പ്രകാരം വിവിധ വകുപ്പുകൾ |

| | | | |
|---|---|---|---|
| | ഓഫീസ് അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നായ ശല്യം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സത്വര നടപടിക്ക് തയ്യാറാകുമോ; വിശദമാക്കുമോ? | | നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നോഡൽ ഓഫീസറെ നിയോഗിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവർ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സർക്കാർ ഓഫീസിന്റെ പരിസരങ്ങളിൽ നായ ശൈല്യം ശ്രദ്ധയിൽപ്പെട്ടാൽ ആയതു പരിഹരിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ